


# PRIME NEWS ANALYSIS

Malayalam

ACHARYA
An influential mentor

www.acharyainfo.com AcharyaIAS.Academy

# പി.എം പോഷൻ (പ്രൈം മിനിസ്റ്റർ പോഷൻ) പദ്ധതി

പ്രൈം മിനിസ്റ്റർ പോഷൻ പദ്ധതിക്ക് കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകി.

സർക്കാർ സ്കൂളുകളിലും സർക്കാർ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന സ്കൂളുകളിലും വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം ലഭ്യമാക്കുന്ന പ്രൈം മിനിസ്റ്റർ പോഷൻ പദ്ധതിക്ക് കേന്ദ്ര ക്യാബിനറ്റ് അംഗീകാരം നൽകി. ആദ്യഘട്ടത്തിൽ വരുന്ന അഞ്ച് വർഷത്തേക്കാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്.

വിദ്യാർത്ഥി/ വിദ്യാർഥിനികൾക്ക് സ്കൂളിൽ ഉച്ചഭക്ഷണം ലഭ്യമാക്കുന്ന നിലവിലെ മിഡ്-ഡേ മീൽ പദ്ധതി പി.എം പോഷൻ പദ്ധതിയിൽ ലയിക്കും.

## എന്താണ് മിഡ്-ഡേ മീൽ പദ്ധതി?

- കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ കീഴിൽ 1995 ൽ ആരംഭിച്ച പദ്ധതിയാണിത്.

- പദ്ധതിപ്രകാരം ആറ് വയസ്സുമുതൽ പതിനാല് വയസ്സുവരെയുള്ള കുട്ടികൾക്ക് സ്കൂളിൽ ഉച്ചഭക്ഷണം ലഭ്യമാക്കും. ഒന്നാം ക്ളാസുമുതൽ എട്ടാം ക്ളാസുവരെയുള്ള കുട്ടികൾക്കാണ് പദ്ധതിയുടെ ഗുണം ലഭിച്ചുവന്നത്.

## എന്താണ് പി.എം പോഷൻ പദ്ധതി?

- ഈ പദ്ധതി പ്രകാരം പ്രീ-പ്രൈമറി വിദ്യാർത്ഥികൾക്കും, അതായത് ബാലവാടിയിൽ പഠിക്കുന്ന കുട്ടികൾക്കും ഉച്ചഭക്ഷണം ലഭ്യമാക്കും.

- പദ്ധതിപ്രകാരം അനീമിയ കൂടുതലുള്ള ജില്ലകളിലും ആസ്പിരേഷണൽ ജില്ലകളിലും അനുബന്ധ-പോഷകാഹാരങ്ങൾകൂടി കുട്ടികൾക്ക് ലഭ്യമാക്കും.

- നിലവിൽ ഏതെങ്കിലും സംസ്ഥാനം കുട്ടികൾക്ക് ഉച്ചഭക്ഷണത്തോടൊപ്പം പാൽ, മുട്ട തുടങ്ങിയ അനുബന്ധ പോഷകാഹാരങ്ങൾ നല്കാൻ തീരുമാനിച്ചാൽ അതിന്റെ ചെലവ് കേന്ദ്രസർക്കാർ വഹിക്കില്ലായിരുന്നു. അതായത് അരി,ഗോതമ്പ്,പച്ചക്കറികൾ,പയറുവർഗ്ഗങ്ങൾ എന്നിവക്ക് മാത്രമാണ് കേന്ദ്രം ചെലവ് വഹിക്കുന്നത്. എന്നാൽ പി.എം. പോഷൻ പദ്ധതി പ്രകാരം ആ നിയന്ത്രണം കേന്ദ്രസർക്കാർ വേണ്ടെന്നു വെച്ചു.

- ആഘോഷദിവസങ്ങൾ പോലുള്ള പ്രത്യേക ദിവസങ്ങളിൽ കുട്ടികൾക്ക് പ്രത്യേക ഭക്ഷണങ്ങൾ സമൂഹത്തിലെ എല്ലാവരും ചേർന്ന് നൽകുന്ന "തീർത്ഥിഭോജൻ" എന്ന ആശയത്തെ പദ്ധതി പ്രോത്സാഹിപ്പിക്കുന്നു.

## എന്തുകൊണ്ട് ഈ പദ്ധതി?

- 2020 ലെ ഗ്ലോബൽ ന്യുട്രിഷൻ റിപ്പോർട്ട് പ്രകാരം 2025 ആകുമ്പോഴേക്കുമുള്ള ഗ്ലോബൽ ന്യുട്രിഷൻ ലക്ഷ്യം നേടാൻ സാധ്യതയില്ലാത്ത 88 രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ.

- മൊത്തം 107 രാജ്യങ്ങൾ ഉൾപ്പെടുന്ന ആഗോള വിശപ്പ് സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 94 ആണ്.

- ലോകത്ത് വളർച്ചാ മുരടിപ്പ് നേരിടുന്ന മൊത്തം കുട്ടികളുടെ 30 ശതമാനവും ഇന്ത്യയിലാണ്.